## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4827** | **19.05.2017-ൽ മറുപടിക്ക്**

## മിനിമം കൂലി നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് മിനിമം കൂലി നിയമം നടപ്പിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്ത് മിനിമം വേതന നിയമം 1948, മിനിമം വേതന ചട്ടങ്ങൾ 1958 എന്നിവ നിലവിലുണ്ട്. മിനിമം വേതനനിയമത്തിന്റെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 80 മേഖലകളിൽ 77 മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം, സ്ഥാപന പരിശോധനകൾ, സ്ക്വാഡ് പരിശോധനകൾ എന്നിവ നടത്തുമ്പോൾ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോയെന്നും മിനിമം വേതന നിയമപ്രകാരമുള്ള മറ്റ് ആനുകൂല്യങ്ങൾ ലഭ്യമാകുന്നുവെന്നും ഉറപ്പ് വരുത്താറുണ്ട്. തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി വേതന സുരക്ഷാ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) മിനിമം കൂലി ലഭിക്കാത്ത തൊഴിലാളികളുടെ തൊഴിൽ മേഖല തിരിച്ചുള്ള കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) 2017-ൽ സംസ്ഥാനത്ത് ഒട്ടാകെ മിനിമം കൂലി ലഭിക്കാത്ത തൊഴിലാളികളുടെ വിവരം തൊഴിൽ വകുപ്പിന്റെ പരിശോധനയിലൂടെ ലഭ്യമായിട്ടുള്ളത് തൊഴിൽ മേഖല തിരിച്ച് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (സി) സംസ്ഥാനത്ത് മിനിമം കൂലി ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) എൻഫോഴ്സ്മെന്റ് വിഭാഗം ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നു. 2017-ൽ |

മിനിമം വേതന നിയമപ്രകാരം നാളിതുവരെ 9222 സ്ഥാപന പരിശോധനകൾ നടത്തുകയും 734 പ്രോസിക്യൂഷനും 161 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ വേതന വിതരണം ഓൺലൈനായി തന്നെ നിരീക്ഷിക്കാൻ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് സാധ്യമാണ്. വീഴ്ചകൾ കണ്ടെത്തുന്ന കേസുകിൽ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ടി പദ്ധതിയിലൂടെ നാളിതുവരെ 4567 സ്ഥാപനങ്ങളിൽ നിന്നും 99237 ജീവനക്കാർക്ക് 515 കോടി രൂപയോളം വിതരണം നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

# Employment wise Claim Details Report of 2017

| SlNo | Name of Employment | No. of Claim | No. of Employees |
|---|---|---|---|
| 1 | Cinema Theatres | 1 | 7 |
| 2 | L. P. Gas | 1 | 9 |
| 3 | Medical Shops | 2 | 7 |
| 4 | Petrol Pumps | 1 | 90 |
| 5 | Pharmacists in Medical Shops | 1 | 27 |
| 6 | Plastic Industry | 2 | 5 |
| 7 | Printing Press | 6 | 96 |
| 8 | Private Edu: Institutions | 10 | 401 |
| 9 | Private Hospitals, Dispensaries and Allied Inst: | 23 | 2197 |
| 10 | Security Services | 1 | 62 |
| 11 | Shops ,Hotels & Restaurants | 113 | 5057 |
| 12 | Star Hotels | 2 | 55 |
| | Grand Total | 163 | 8013 |

സെക്ഷൻ ഓഫീസർ.